പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1263.

12.03.2015 ൽ മറുപടിക്ക്

**പമ്പുകളിൽ ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.മമ്മൂട്ടി :** | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് ഉൾപ്പെടെയുള്ള സ്വകാര്യ പമ്പുകളിൽ ഇന്ധന വിൽപ്പനക്കുപരി ഉപഭോക്താവിന്റെ മറ്റു അവകാശ സംരക്ഷണത്തിനും ബാധ്യതയുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത്തരം പമ്പുകളിൽ നിന്ന് ഉപഭോക്താവിന് സൗജന്യമായി നൽകേണ്ട വായു, ജലം തുടങ്ങിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; | (ബി) & (സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് വെള്ളം, വായു, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലഫോൺ, ടോയ്‌ലറ്റ്, ഫസ്റ്റ് എയ്ഡ്, വാഹന ടയർ എയർ ഫില്ലിംഗ് എന്നിവയാണ് പമ്പുകളിൽ ലഭ്യമാകുന്ന സൗജന്യസേവനങ്ങൾ എന്ന് എണ്ണ ക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എണ്ണക്കമ്പനി അധികൃതർ പരിശോധന നടത്താറുണ്ട്. സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാത്ത പമ്പുകളിൽ നിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പല പമ്പുകളിലും അധികനാളും സൗജന്യ സൗകര്യങ്ങൾ പ്രവർത്തനക്ഷമമല്ലാതാരിയിക്കുന്നതിന് അറുതിവരുത്തി പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് സൗജന്യ സൗകര്യങ്ങൾക്ക് അവകാശം ഉണ്ടെന്ന് ഉറപ്പാക്കാൻ കർശന നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ